പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3473** — 24.06.2013 ൽ മറുപടിയ്ക്ക്

## പേരൂർക്കട മണ്ണാമ്മൂലയിലുള്ള തേജസ് എന്ന വീട്ടിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വകുപ്പിന്റെ കാര്യാലയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരത്ത് പേരൂർക്കട മണ്ണാമ്മൂല ചൈതന്യാ റസിഡന്റ്സ് അസോസിയേഷൻ, ഹൗസ് നമ്പർ 71, തേജസ് എന്ന വീട്ടിൽ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും കാര്യാലയം പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വകുപ്പിലെ ഏത് വിഭാഗമാണ് ഇവിടെ പ്രവർത്തിക്കുന്നത് ; | (എ) | ഉണ്ട്. സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ ഒരു വിഭാഗം 03.02.2010 മുതൽ പ്രസ്തുത കെട്ടിടം വാടകയ്ക്ക് എടുത്ത് 16.03.2010 മുതൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ കാര്യാലയത്തിന് സർക്കാർ ബോർഡ് വയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ ഓഫീസ് കാര്യാലയങ്ങളിൽ ഒന്നിലും സർക്കാർ ബോർഡ് വയ്ക്കാത്തതിനാലാണ് മേൽപ്പറഞ്ഞ കാര്യാലയത്തിലും ബോർഡ് വയ്ക്കാതിരുന്നത്. |
| (സി) | കെട്ടിടത്തിന്റെ ഉടമസ്ഥൻ ആരാണ് ; എത്ര രൂപയാണ് ഇതിന് മാസവാടക ഇനത്തിൽ നല്കുന്നത് ; | (സി) | ശ്രീമതി. സി. സരളമ്മയാണ് കെട്ടിടത്തിന്റെ ഉടമസ്ഥ. 6,000/- (ആറായിരം) രൂപയാണ് പ്രതിമാസ വാടകയിനത്തിൽ നൽകുന്നത്. |
| (ഡി) | എന്തെല്ലാം ഉപകരണങ്ങളാണ് ഈ കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുള്ളത് ; | (ഡി) | ഇന്റലിജൻസ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറും മറ്റും സജ്ജീകരിച്ചിട്ടുണ്ട്. |

......2

| | | | |
|---|---|---|---|
| (ഇ) | പത്ര പരസ്യം നല്കിയിട്ടാണോ ഇത്തരമൊരു കെട്ടിടം വാടകയ്ക്ക് എടുത്തത് ; ഇത് സംബന്ധിച്ച ചട്ടങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ഇ) | ഓഫീസ് ആവശ്യത്തിന് കെട്ടിടം വാടകയ്ക്കെടുക്കുന്നതിനായി പത്ര പരസ്യം നൽകണമെന്ന് നിബന്ധനയില്ല. |

സെക്ഷൻ ഓഫീസർ